പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

26.2.2018 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*20

# അംഗപരിമിതരുടെ ക്ഷേമം

ചോദ്യം

ശ്രീ.ജോർജ് എം. തോമസ്

,, കെ. ബാബു

,, എം. മുകേഷ്

,, എം. രാജഗോപാലൻ

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അംഗപരിമിതരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി എന്തെല്ലാം നവീന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നേരിട്ട് നടപ്പിലാക്കുന്ന അംഗപരിമിതർക്കായുള്ള നവീന പദ്ധതികളുടെയും NGO മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.<br>1. കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള റീഡേഴ്സ് അലവൻസ്<br>2. കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം<br>3. വികലാംഗർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്<br>4. ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം<br>5. വിദ്യാജ്യോതി<br>6. കിടപ്പു രോഗികളെ ശുശ്രൂഷിക്കുന്ന രക്ഷകർത്താക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി-സ്വാശ്രയ<br>7. വിദ്യാകിരണം-അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി<br>8. സഹായ ഉപകരണ വിതരണ പദ്ധതി<br>9. വ്യക്തിഗത പരിപാലന പദ്ധതി<br><br>താഴെ പറയുന്ന സംഘടനകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. |

1. CDMRP-Community Disability Management and Rehabilitation Programme
2. Alzhiemer's Related Disorder Society of India(ARDSI)
3. Epilepsy Care through Schools
4. Pallium India
5. State Nodal Agency Centre(SNAC)
6. ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി(NGO)
7. ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്(NGO)
8. Insight Project(SPACE)
9. District Psychiatric Rehabilitation Project(IMHANS)
10. SIMC(State Institute on Mentally Challenged)
11. ആശ്രയ
12. യോഗ ക്ലാസ്സ്

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ഭിന്നശേഷിക്കാരുടെ പുനരധിവാസത്തി നായി ആവിഷ്കരിച്ച വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. അംഗവൈകല്യമുള്ളവർക്ക ആവശ്യമായ ട്രൈസൈക്കിൾ, വീൽ ചെയർ, കൃത്രിമകൈകാലുകൾ, വാക്കർ, ക്രച്ചസ്, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം
2. അംഗവൈകല്യമുള്ളവർക്ക വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ് ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്ക വിധേയമായി
3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്ക വിധേയമായി
4. അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി
5. നാഷണൽ ഹാൻറിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ്

| | |
|---|---|
| | കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/ വിദ്യാഭ്യാസ വായ്പ<br>6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി<br>7. ബി.പി.എൽ വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി വായ്പാ സബ്സിഡി<br>8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി<br>9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ<br>10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി-സംസ്ഥാനതലത്തിൽ നടപ്പാക്കൽ<br>11. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും<br>12. വികലാംഗരായ വയോജനങ്ങൾക്കു വേണ്ടിയുള്ള വൃദ്ധസദനം പരിപാലനം<br>13. കാഴ്ചവൈകല്യമുള്ള യുവതീ യുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി<br><br>ആരോഗ്യവകുപ്പ് മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:-<br>1. ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ എന്നീ വിഭാഗങ്ങളുടെ ശാക്തീകരണം<br>2. ചലനവൈകല്യമുള്ളവരുടെ ക്ഷേമനിധി സൊസൈറ്റി<br>3. എൻ.എച്ച്.എം മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികളായ ആർ.ബി.എസ്.കെ<br>4. ലിംബ് ഫിറ്റിംഗ് വിഭാഗത്തിന്റെ ശാക്തീകരണം<br>5. ജില്ലാതലത്തിലെ ഇന്റർസെന്റർ കേന്ദ്രങ്ങൾ<br>6. നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷനും ഡഫ്നസിന്റെ നിയന്ത്രണവും<br>7. നാഷണൽ ബ്ലൈന്റ്നെസ് കൺട്രോൾ<br>8. നാഷണൽ ലെപ്രസി കൺട്രോൾ പ്രോഗ്രാം<br>2017-18 സാമ്പത്തിക വർഷത്തിൽ ഫിസിക്കൽ മെഡിസിൻ & |

| | |
|---|---|
| | റീഹാബിലിറ്റേഷൻ സെന്ററിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് 400 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയത് കെ.എം.എസ്.സി.എൽ ഡയറക്ടർക്ക് കൈമാറുകയും ചെയ്തു.<br>2017-18 സാമ്പത്തിക വർഷത്തിൽ ലിംബ് ഫിറ്റിംഗ് സെന്ററിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് 100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി തുക എട്ട് ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് (ആരോഗ്യം) കൈമാറുകയും ചെയ്തു. ആയതിന്റെ ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>സംസ്ഥാനത്തെ അംഗപരിമിതർക്കുള്ള ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>അംഗപരിമിതരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി **അനുയാത്ര** എന്ന പേരിൽ ഒരു നവീന പദ്ധതിയ്ക്ക് ഗവൺമെന്റ് രൂപം നൽകി 2017 ജൂൺ മാസം മുതൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു.- 2. |
| (ബി) അംഗപരിമിതർക്കായി 'സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) വൈകല്യം മുൻകൂട്ടി കണ്ടെത്തുന്നതിനും നിർണ്ണയിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) വൈകല്യം ഗർഭാവസ്ഥയിൽ തന്നെ കണ്ടെത്തുന്നതിന് ഇപ്പോൾ സാധിക്കുന്നുണ്ട്. വൈകല്യം തടയുന്നതിന് അഡോളസന്റ് പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിനേഷൻ പദ്ധതി സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റിയുടെ സഹകരണത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.<br>വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും, നിർണ്ണയിക്കുന്നതിനും ആവശ്യമായ സേവനങ്ങൾ നൽകുന്നതിനുമായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് **'അനുയാത്ര'**യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

1. ഭിന്നശേഷി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് സംവിധാനം എല്ലാ സർക്കാർ പ്രസവ ആശുപത്രികളിലും നടപ്പാക്കുക.
2. എല്ലാ ജില്ലകളിലും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക. (DEIC)
3. നിലവിൽ RBSK യുടെ ഭാഗമായി പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ ലഭ്യമാക്കി, വൈകല്യങ്ങൾ ക ണ്ടെത്തുന്നതിനും ആവശ്യമായ സേവനങ്ങൾ നൽകുന്നതിനുമായി ശാക്തീകരിക്കുക.
4. കേഴ്‌വി സംബന്ധമായ വൈകല്യങ്ങൾ ക ണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി പ്രത്യേക പദ്ധതിയായി **'കാതോരം'** നടപ്പാക്കുക.
5. ഓട്ടിസം ബാധിച്ചവർക്കായി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ സ്ഥാപിക്കുക.
6. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ 'റീജിയണൽ എർളി ഇന്റർവെൻഷൻ സെന്ററുകൾ' സ്ഥാപിക്കുക.
7. NIPMR ൽ റീജിയണൽ 'ഓട്ടിസം, റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ' സ്ഥാപിക്കുക.
8. അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പി ഉൾപ്പെടെയുള്ള സേവനങ്ങൾ ക്ലേശരഹിതമായി ലഭ്യമാക്കാനായി **'മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ'**

| | |
|---|---|
| | സ്ഥാപിക്കുക.<br>9. രക്ഷിതാക്കൾക്കുള്ള പരിശീലന പരിപാടികൾ (Parent Education) സംഘടിപ്പിക്കുക. |
| (ഡി) ഏതെല്ലാം വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നതെന്ന് അറിയിക്കാമോ? | (ഡി) സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ, എസ്.ഐ.ഡി, ആരോഗ്യ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ് എന്നിവർ ഇതിൽ പങ്കാളികളാണ്. |

സെക്ഷൻ ഓഫീസർ